# ചേലിയ യു.പി സ്കൂൾ




# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# ആമുഖം

സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായി സ്കൂളിലും ഗുണമേന്മ ലക്ഷ്യമാക്കി വിദ്യാലയ വികസന പദ്ധതി അക്കാദമിക മാസ്റ്റർപ്ലാൻ എന്നിവയുടെ രൂപീകരണം നടന്നു വരുന്നു .ഒരു വിദ്യാലയം മികവുറ്റതാകണമെങ്കിൽ അക്കാദമികം ഭൗതികം സാമൂഹികം എന്നി മേഖലകളിൽ വികസനം അനിവാര്യമാണ്.ഏ റ്റവും പ്രധാനപ്പെട്ടത് അക്കാദമിക മേഖല തന്നെയാണ് .വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും ഏഴാം തരാം ക്ലാസ്സാകുന്നതോടെ ഭാഷയിലും മറ്റു വിഷയങ്ങളിലും കഴിവുള്ളവരാക്കി തീർക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം .ഈ കാഴ്ച്ചപ്പാട് സഫലീകരിക്കാൻ അനുയോജ്യമായ പ്രവർത്തനങ്ങളാണ് ജനപ്രധിനികളാണ് പി ടി എ എം പി ടി എ പൂർവ അധ്യാപകർ എന്നിവരുടെയെല്ലാം നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ഞങ്ങളുടെ വിദ്യാലയത്തിലും നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത് .അങ്ങിനെ ഞങ്ങളുടെ പാതയിലേക്ക് എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്ന വിദ്യാലയവും മികവിന്റെ

# ചരിത്രം

കൊയിലാണ്ടി സബ് ജില്ലയിലെ 100 വർഷം പിന്നിട്ട അപൂർവ്വം വിദ്യാലയങ്ങളുടെ ഗണത്തിൽ അതിമഹത്തായ ചരിത്ര പാശ്ചാത്തലമുള്ള വിദ്യാലയമാണ് ചേലിയ യു പി സ്കൂൾ. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കയത്താഴ്ക്കിൽപെട്ട് അറിവിന്റെ ലോകത്തേക്ക് അടുക്കാൻ കഴിയാതിരുന്ന വലിയൊരു ജനവിഭാഗത്തിന് അക്ഷരജ്ഞാനം പകർന്നുകൊണ്ട് ഒരുനൂറ്റാണ്ട് കാലത്തിലേറെ തലയുയർത്തി പിടിച്ച നിൽക്കുകയാണ് ചേലിയ യു പി സ്കൂൾ കൊയിലാണ്ടി താലൂക്കിൽ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ 7ാം വാർഡിൽ ഉള്ളൂർകടവ് റോഡിന്റെ വശത്തായിട്ടാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്.മഹാനായ നാട്യാചാര്യൻ ഗുരു ചേമഞ്ചേരി കുഞ്ഞിരാമൻ നായരും അദ്ദേഹം സ്ഥാപിച്ച കഥകളി വിദ്യാലയവും പ്രശസ്തമാക്കിയ ഗ്രാമത്തിലാണ് ചേലിയ യു പി സ്കൂൾ നിൽക്കുന്നത്. പിന്നിട്ട ഒരു നൂറ്റാണ്ടു കാലത്തിനിടയിൽ ഈ വിദ്യാലയത്തിൽ നിന്നും കടന്നുപോയ വിദ്യാർത്ഥികളിൽ വിഖ്യാതനായ ചരിത്ര പണ്ഡിതനായ ഡോക്ടർ എം ആർ രാഘവവാര്യരും ഉൾപ്പെടുന്നു.

1914 ൽ മണലിൽ തൃക്കോവിൽ പറമ്പിലാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്. യശശ്ശരീരനായ മണലിൽ തൃക്കോവിൽ ഗോവിന്ദവാരിയരും, പടിഞ്ഞാറയിൽ കൃഷ്ണൻ നായരും, അനുജൻ കുഞ്ഞിരാമൻ നായരും ചേർന്നാണ് വിദ്യാലയം സ്ഥാപിച്ചത്. ലോവർ എലിമെന്ററിസ്കൂൾ എന്ന നിലയിലാണ് ഈ സ്ഥാപനം പടിഞ്ഞാറയിൽ കൃഷ്ണൻ നായരുടെ മാനേജ് മെന്റിന് കീഴിൽ ആരംഭിച്ചത്. തുടർന്ന് മാനേജ് മെന്റ് കണ്ണൻ കനാടത്ത് കുഞ്ഞിരാമൻ നായർക്കും അദ്ദേഹം കിഴക്കെപൊണക്കാട് ചാത്തുകുട്ടികിടാവിനും കൈമാറി.അദ്ദേഹം മരുമകനായ കിഴക്കെപൊണക്കാട്ട് അപ്പുണ്ണികിടാവിന് നൽകി.പിൽക്കാലത്ത് അപ്പുണ്ണികിടാവ് തന്റെ മകനും ഈ വിദ്യാലയത്തിലെ അധ്യാപകനുമായിരുന്ന കെ.പി.ദാമോദരൻമാസ്റ്ററുടെ പത്നി മീനാക്ഷി അമ്മക്ക് കൈമാറി തുടർന്ന് സ്കൂൾ മാനേജ് മെന്റ് ഇന്നത്തെ മാനേജരായ ശ്രീ എൻ.വി. ബാബുരാജ് വാങ്ങുകയായിരുന്നു

# ലക്ഷ്യങ്ങൾ

1.വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾ അവർ ആർജിക്കേണ്ട ശേഷികൾ നൈപുണികൾ എന്നിവ നേടിയെടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക

2.ശാസ്ത്രം ഗണിതശാസ്ത്രം സാമൂഹ്യശാസ്ത്രം എന്നി വിഷയങ്ങളിൽ ആഭിമുഖ്യം വളർത്തി പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകി വിദ്യാലയം മികവുള്ളതാക്കുക

3.വിദ്യാലയം പരിസ്ഥിതി സൗഹൃദവും ആകർഷകവും ആക്കുക
ക്ലാസ്സ്റൂമുകൾ ഹൈടെക് ആക്കുക

4.ഭാഷാശേഷികൾ വർദ്ധിപ്പിക്കാനായി ഭാഷാതിയേറ്ററുകൾ നിർമിക്കുക. സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുക

5.വായനാശീലം പരിപോഷിപ്പിക്കാനായി സ്കൂൾ ലൈബ്രറി നവീകരിക്കുകയും വിപുലീകരിക്കുകയും ചെയ്യുക

6.വിദ്യാലയം ചുമർ ചിത്രം കൊണ്ട് ആകർഷകമാക്കുക

7.ഐ ടി പഠന ലാബുകൾ വിപുലീകരിക്കുക

8.വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധമനോഭാവം വളർത്തുക

9.ഗണിതം ശാസ്ത്രം ഐ ടി എന്നിവക്കായി പ്രത്യേകം പ്രത്യേകം ലാബുകൾ ഒരുക്കുക

10.ജൈവവൈവിധ്യ ഉദ്യാനം ശലഭോദ്യാനം എന്നിവ നിർമിക്കുക

11.പോഷകസമൃദ്ധമായ ഉച്ച ഭക്ഷണത്തിനാവശ്യമായ വിഭവങ്ങൾ വിദ്യാലയത്തിൽ തന്നെ ഉണ്ടാക്കുക

12.നവീകരിച്ച അടുക്കള

13.കല പ്രവൃത്തിപരിചയം കായികം എന്നി വിഷയങ്ങളിൽ സമർത്ഥരായവരെ കണ്ടെത്തി പ്രത്യേകപരിശീലനം നൽകുക

# വിഷയം:മലയാളം

- ഒന്നാം ക്ലാസ്സിലെ എല്ലാകുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
- എല്ലാകുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാകുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള
- കഴിവു നേടുമെന്ന് ഉറപ്പു വരുത്തുക.
- തന്റെ ചുറ്റുപാടും നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനുമുള്ള കഴിവ് നേടുന്നു
- കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പുവരുത്തുന്നു

## പ്രവർത്തന പദ്ധതി

- ഒന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക

## july

- ടീച്ചറും രക്ഷിതാക്കളും ചേർന്ന് പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു
- രക്ഷിതാക്കൾക്ക് കഥ പറയാനുള്ള പരിശീലനം

## ആഗസ്റ്റ്

- ടീച്ചർ പോകാത്ത ഭാവാത്മകമായി വായിക്കുന്നു
- രക്ഷിതാക്കൾ കഥ വായിച്ച് കേൾപ്പിക്കൽ
- കേട്ടകഥ ക്ലാസ്സിൽ അവതരിപ്പിക്കാൻ
- ചിത്രീകരിക്കാൻ
- ക്ലാസ് ലൈബ്രറി ശക്തമാക്കാൻ

## sep-december

- കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപത്തിലൂടെ അവതരിപ്പിക്കാൻ
- ചിത്രങ്ങൾക്ക് അടിക്കുറിപ്പെഴുതാൻ
- ചിത്രവായന സിർഡുകൾ തയ്യാറാക്കൽ
- വായന കാർഡുകൾ വായിക്കൽ

- ഒഴിവ് സമയത്ത് കൂട്ട വായന നടത്തൽ
- ചിത്രം നൽകി കഥ എഴുതൽ
- ക്ലാസ് പി ടി എ യിൽ പങ്കുവെക്കൽ

ജനുവരി - മാർച്ച്

- ടീച്ചർ കഥകൾ ചാർട്ടിൽ എഴുതുന്നു
- വായിക്കുന്നു
- രക്ഷിതാക്കൾ വായന കാർഡുകൾ തയ്യാറാക്കൽ

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br><br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br><br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br><br>സപ്തംബർ<br><br>മാസത്തിൽ ഒന്ന് വീതം | -<br><br>ക്ലാസ് ടീച്ചർ<br><br>SRG<br>ക്ലാസ് ടീച്ചർ<br><br>ക്ലാസ്ടീച്ചർ | S S A |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീല ങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപ യോഗിച്ചുള്ള പാച കവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ<br>SRG<br>SMC | SMC |
| പ്രകൃതിയെ അറി യുന്നതിനും ആസ്വദിക്കുന്ന തിനും | പുഷ്പോദ്യാനം, ഔഷ ധത്തോട്ടം, ചുറ്റുവട്ട ത്താമര | ഡിസംബർ ജനുവരി | SRG<br>SMC | |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>2) ലഘുപതിപ്പുകൾ തയ്യാറാക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | 5000<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയുണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br><br>English ബാലസഭ.<br><br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br><br>മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher<br><br>SMC | S S A |

മേഖല - അക്കാദമികം
ഉപമേഖല- ഗണിതം

## ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | S S A |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക്. കാണാക്കാഴ്ചകൾ . | സപ്തംബർ ഡിസംബർ | ടീച്ചേർസ് SRG SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്. നാമും കർഷകരാകാം | ജനുവരി | SRG SMC നാട്ടുകാർ | |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭ കളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയ മറിഞ്ഞും ഒഴു ക്കോടെയും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ക്ലാസ്ടീച്ചർ S.R.G | PTA |
| | വാർത്താവായനാ മത്സരം സംഘടി പ്പിക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ്ടീച്ചർ | SMC |
| | വായനാക്യാമ്പു കൾ | 3 മാസത്തിൽ ഒന്ന് | ക്ലാസ്ടീച്ചർ SMC | SMC |
| | ബാല പ്രസിദ്ധീ കരണങ്ങളുടെ വായന | ജൂൺ - മാർച്ച് | ക്ലാസ്ടീച്ചർ | PTA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ്സധ്യാപകർ | MPTA |
| പ്രകൃതി വിഭവ സംര ക്ഷണം | ജൈവ-വൈവിധ്യ പാർക്ക് തടയണ,മഴക്കുഴിനിർമ്മാണം ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | SMC | SMC |
| ശാസ്ത്ര പരീക്ഷണങ്ങ ളിൽ താൽപര്യം ജനി പ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്ത റിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | ക്ലാസ്സധ്യാപകർ | SMC |

# മലയാളഭാഷ (STD -IV)

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചായങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

മേഖല-അക്കാദമികം
ഉപമേഖല- ഇംഗ്ലീഷ്
ക്ലാസ്-IV

# English – Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

# ഗണിതം (Std IV)

| | | | | |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉത്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മേളകൾ പ്രദർശനങ്ങൾ ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമ്മാണം കളർ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസാഭ, പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# അക്കാദമിക് പ്ലാൻ- അറബിക്

## CHELIYA UP SCHOOL

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | അറബിക് മധുരം<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | എഴുത്ത്, വായന:<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗെയിമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി |

| | | | | | |
|---|---|---|---|---|---|
| 2 | **വായനാ ലോകം**<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>**2. ക്ലാസ്സ് വായന:**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | **സമാഹരണം:**<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• |

| | | | | | |
|---|---|---|---|---|---|
| 3 | ആസ്വാദന ലോകം | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ ആസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:**<br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രൊജക്ടറിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം:** ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 4 | **അനുഭവ ലോകം**<br><br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്. അതിനാൽ അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>* ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രൊജക്റ്ററിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം | 1 മാസം | എൽ.സി.ഡി<br><br>കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |
| 5 | **പദപരിചയം**<br><br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | **ഒരു പദം പരിചയപ്പെടൽ:**<br><br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | 1 വർഷം | മൈക്ക് | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്ക് ശേഷം മുതിർന്ന ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടീസ് ബോർഡിൽ പതിക്കുക.<br><br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |
| 6 | **അറബിക് അസംബ്ലി** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക. | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>പുസ്തകം പരിചയപ്പെടുത്തൽ<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |
| 7 | **അറബിക് ഫെസ്റ്റ്** | അറബിക് ദിനത്തിലോ അല്ലാതെയോ ഒരു ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br><br>**കാര്യപരിപാടികൾ:**<br>• ഉദ്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളിലെ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം<br>• തെരഞ്ഞെടുത്ത അറബിക് കവി/സാഹിത്യകാരൻ/ പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ ചാലിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർശനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| 8 | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്താ വായന തുടങ്ങിയ ഇനങ്ങൾ പ്രാക്ടീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br>ഭാഷാ സ്നേഹികൾ<br>അറബി ഭാഷാ പഠിതാക്കൾ |
| 9 | **നല്ല എഴുത്ത്**<br>ലക്ഷ്യം: കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിലെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖ്, രിഖ്അ) എഴുത്തുകളാണ്.<br>* ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ | 1 വർഷം | പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | * വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക<br><br>* ചുമർ പത്രിക | | | |
| 10 | **ഡിജിറ്റൽ ലോകം**<br><br>ലക്ഷ്യം:<br>• എല്ലാ കുട്ടികൾക്കും പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീ ബോർഡ് പഠിക്കൽ<br><br>• പവർ പോയന്റ് പരിചയപ്പെടൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്ന് തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവ് നേടുകയും ചെയ്യണം.<br><br>* ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക<br><br>* ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | | |
| 11 | **എഴുത്തിന്റെ ലോകം:** | • ക്ലാസ്സ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം | | ചാർട്ട്<br><br>കളർ | |

| | | | | | |
|---|---|---|---|---|---|
| | | മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി (A4)സൈസിൽ വൃത്തിയായി എഴുതി കളർ നല്കി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക | | | |
| 12 | **മത്സരങ്ങളുടെ ലോകം:** | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക. ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായണം<br>11. പദപ്പയറ്റ്<br>12. പസിൽസ് | | | |
| 13 | **ദിനാചരണങ്ങൾ:** | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകരുടെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു<br>• [illegible] | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു (ഗ്രൂപ്പ് പ്രവർത്തനം) | | | |

# UP
# (5,6,7)

വിഷയം : ഗണിതം. ൭

മേഖല: അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1. കുട്ടികളിൽ ഗണിതപഠനത്തോടുള്ള അഭിരുചി വളർത്തുക. | • സെമിനാർ സംഘടിപ്പിക്കുക.<br>• ഗണിതത്തിന്റെ ചരിത്രവും പ്രാധാന്യവും കുട്ടികളുമായി പങ്കുവെക്കുക. | ജനുവരി ഫെബ്രുവരി | ഗണിത ശാസ്ത്രാധ്യാപകർ | PTA |
| 2. ഗണിതവുമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീടെസ്റ്റ് നടത്തുക.<br>• മൂല്യനിർണ്ണയം നടത്തുക.<br>• സംഖ്യാബോധം തുടങ്ങിയ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | ഹ്രസ്വം | ഗണിത ശാസ്ത്രാധ്യാപകർ | PTA |
| 3. ഗണിതാസ്വാദനം. | • നിത്യജീവിതവുമായ ചുറ്റുപാടുകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് പഠന പ്രവർത്തനങ്ങൾ ക്ലാസ്സ് മുറിയിൽ അവതരിപ്പിക്കുന്നു. | | | |
| 4. ഗണിത ക്ലബ്ബ് രൂപീകരണവും പ്രവർത്തനങ്ങളും. | • ഓരോ മാസവും ഗണിത ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>• ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു. | ദീർഘകാലം. | ഗണിത ശാസ്ത്ര അധ്യാപകർ | PTA. |
| | മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. വിദഗ്ധരുടെ ക്ലാസ്സ് സംഘടിപ്പിക്കുന്നു. അനുയോജ്യമായ ഗണിത Project നൽകുന്നു | ദീർഘം | ഗണിത ശാസ്ത്ര അധ്യാപകർ. | PTA |

വിഷയം : മലയാളം.

മേഖല: അക്കാദമികം.  ഉപമേഖല : ഭാഷാപഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1 ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | കുട്ടികൾ അവധിക്കാലം അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, ) അവതരണം. | ജൂൺ | മലയാളം അധ്യാപകർ. | |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി നേടുന്നു. | ജൂൺ | മലയാളം അധ്യാപകർ. | |
| | വാക്കുകളിൽ നിന്നും വാക്യങ്ങളിലേക്ക്:<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടേയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ | മലയാളം അധ്യാപകർ. | |
| 2. കുട്ടികളിൽ അർത്ഥപൂർണ്ണ വായന ഉറപ്പു വരുത്തുക. | വാർത്താലോകത്തിലേക്ക്:-<br>പത്രം, മാഗസിൻ, മാസികകൾ, എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | അതാത് മാസത്തെ പ്രധാനസംഭവം ആസ്പദമാക്കി ക്വിസ് മത്സരം നടത്തുക. | പ്രതിമാസം | മലയാളം ക്ലബ്ബ്. | |
| സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക. | സ്കൂൾ ലൈബ്രറിയിൽ നിന്നും അമ്മമാർക്ക് പുസ്തകം നൽകൽ, വായനാക്കുറിപ്പ് തയ്യാറാക്കൽ, മികച്ച കുറിപ്പ് കണ്ടെത്തൽ, കുട്ടികളെ വായിപ്പിച്ച് കേൾപ്പിക്കാനുള്ള അവസരം. | ഒക്ടോബർ മുതൽ മാർച്ച് വരെ. | മലയാളം ക്ലബ്ബ്. | |
| കലാവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം:- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ, തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കൽ. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കൽ. ക്ലാസ്സും പ്രവർത്തനങ്ങളിൽ മികച്ചവ സാഹിത്യ സമാജത്തിൽ അവതരണം. | അക്കാദമികവർഷം | SRG കൺവീനർ മലയാളം അധ്യാപകർ. | PTA വിവിധ ക്ലബ്ബുകൾ. |

വിഷയം : ഉറുദു (UP)

മേഖല: അക്കാദമികം. ഉപമേഖല: ഉറുദുപഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| ഉറുദു ഭാഷാ പഠനത്തിൽ കുട്ടികളെ പൂർണതയിൽ എത്തിക്കുക. ഉറുദു ഭാഷയിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതികളിലും കുട്ടികളെ അത് മറികടക്കാൻ പ്രാപ്തരാക്കുക. | പഠനോത്സവം : - ഉറുദു വായന വായനമത്സരങ്ങൾ, ക്വിസ് മത്സരം, ബാലമാസികകൾ, വായനകാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. ഒരു ദിവസം ഒരു പദം (ഏക് ദിൻ ഏക് ലഫ്സ്) പരിചയപ്പെടുത്തുക. | വിവിധ ദിനാചരണങ്ങൾ. | ഉറുദു അധ്യാപകൻ. | 1000. |
| വായനാശീലം വളർത്തുക. വ്യവഹാരങ്ങൾ തെറ്റ് കൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക. | LCD ഉപയോഗിച്ച് കഥകളുടെ video കാണിക്കുക. ഓരോ ഉറുദു പിരിയഡിലും ആദ്യത്തെ 5 മിനുട്ടിൽ ഒരാൾ ഒരു പുസ്തകത്തിലെ ഒരു പേജ് ഉറക്കെ വായിക്കുക. വായിച്ചവ രേഖപ്പെടുത്തി വെക്കുക. ചിത്രവായന. | ഒരു വർഷം | അധ്യാപകൻ. | |
| ക്ലാസിൽ കലകൾ ആസ്വദിക്കാനും അവതരിപ്പിക്കാനും ഉള്ള ശേഷി നേടുക. | ഉറുദു ഗസലുകൾ കേൾപ്പിക്കുക. കവിതാലാപനം, drama, roleplay - കവിതാലാപനം, ചൊൽകാഴ്ചകൾ തുടങ്ങിയവ പാഠഭാഗങ്ങളെ ആസ്പദമാക്കി ക്ലാസ്സുകളിൽ നടത്തുക. | ഒരു വർഷം. | ഉറുദു അധ്യാപകൻ. | |
| ഉറുദു ഭാഷാ പഠനത്തിൽ IT സാധ്യത പ്രയോജനപ്പെടുത്തുക. | കുട്ടികളിൽ ഉറുദു ടൈപ്പിംഗ് പരിശീലനം നൽകൽ, വായനകാർഡ് നിർമ്മാണം. | ഒരു വർഷം. | ഉറുദു അധ്യാപകൻ. | |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26- ചേലിയ യു.പി.സ്കൂൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതിക സൗകര്യം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| കുട്ടികളുടെ ഇംഗ്ലീഷ് ഭാഷയിലുള്ള മുന്നറിവ് പരിശോധിക്കൽ | പ്രീ ടെസ്റ്റ് നടത്തുന്നു | ജൂൺ | | ~~5000~~ 500 | |
| ഇംഗ്ലീഷ് ഭാഷ പേടിയില്ലാതെ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കൽ | അക്ഷരമുറപ്പിക്കൽ<br>കൈത്താങ്ങ് ആവശ്യമുള്ള കുട്ടികൾക്ക് ചൊവ്വ, ബുധൻ ദിവസങ്ങളിൽ പ്രത്യേക ക്ലാസ്<br>വൺഡേ വർക്ക്ഷോപ്പ് | അധ്യയന വർഷം മുഴുവൻ<br>ദിവസം | ICT റൂം ചാർട്ട് മാർക്കർ | 5000 | PTA ഇംഗ്ലീഷ് ക്ലബ് |
| ഇംഗ്ലീഷ് കേൾക്കാൻ കൂടുതൽ അവസരങ്ങൾ ഒരുക്കൽ | ന്യൂസ് റീഡിംഗ്<br>ഇംഗ്ലീഷ് കമന്ററി ക്ലാസ് റൂമിൽ കേൾപ്പിക്കൽ<br>ഇംഗ്ലീഷ് അസംബ്ലി | Long Term | ICT Room ചാർട്ട് ന്യൂസ് പേപ്പർ | 2000 | PTA ഇംഗ്ലീഷ് ക്ലബ് |
| ഗ്രാമർ തെറ്റുകളില്ലാതെ ഒഴുക്കോടെ എഴുതാൻ കുട്ടികളെ പ്രാപ്തരാക്കൽ | ഡിക്റ്റേഷൻ<br>റീഡിങ്ങ് സെഷൻസ്<br>സ്റ്റോറി കംപ്ലീഷൻ | Long Term | ചാർട്ട് ബുക്ക് | 2000 | PTA ഇംഗ്ലീഷ് ക്ലബ് |
| കുട്ടികളിൽ ഇംഗ്ലീഷ് ഭാഷയോട് താൽപര്യമുണ്ടാക്കൽ | ഡിക്ഷണറി മേക്കിങ്<br>സിനിമ<br>ഡോക്യുമെന്ററി | Long Term | ICT Room സിനിമ ഡോക്യുമെന്ററി | 5000 | PTA ഇംഗ്ലീഷ് ക്ലബ് |

സാമൂഹ്യശാസ്ത്രം (1)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ പരിശോധിക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | സ്കൂൾ പാർലമെന്റ് ജനാധിപത്യരീതിയിൽ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ചെയ്യുന്നു.<br>ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | ജൂലൈ ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ഫീൽഡ് ട്രിപ്പ്<br>കഥകളി വിദ്യാലയം, നെയ്ത്ത് തൊഴിൽ കേന്ദ്രം എന്നിവ സന്ദർശിച്ച് കലാവബോധം, ചരിത്രാവബോധം എന്നിവ കുട്ടികളിൽ വളർത്തുന്നു.<br>virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. പ്രാദേശിക | സെപ്റ്റംബർ ഒക്ടോബർ<br>ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ | | |

സാമൂഹ്യശാസ്ത്രം - 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ പഠിതാക്കളെ ബോധവാൻമാരാക്കുന്നു | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ചും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന്റെയും വീഡിയോ കാണിച്ച് പഠിതാക്കളെ ബോധവാൻമാരാക്കുകയും ചെയ്യുന്നു. | ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ ഉന്നത വിജയത്തിലേക്ക് എത്തിക്കുന്നു. | <u>പത്രക്വിസ്</u><br>മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന തരത്തിൽ പത്രവായന, പൊതുവിജ്ഞാനക്വിസുകൾ, പത്രക്വിസുകൾ എന്നിവ നടത്തി വിദ്യാർത്ഥിയെ ഉന്നത വിജയം കൈവരിക്കാൻ പ്രാപ്തരാക്കുന്നു. | രണ്ടാഴ്ചയിൽ ഒരിക്കൽ | സാമൂഹ്യശാസ്ത്രം അധ്യാപകർ | 2000 |

അടിസ്ഥാനശാസ്ത്രം - U.P.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതലക്കാർ |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്രപഠനത്തിനുള്ള അഭിരുചി വളർത്തുക | • സെമിനാർ സംഘടിപ്പിക്കുക<br>• ശാസ്ത്രത്തിന്റെ ചരിത്രവും പ്രാധാന്യവും കുട്ടികളുമായി പങ്കുവെയ്ക്കുക. | ഹ്രസ്വം | PTA | ശാസ്ത്രാധ്യാപകർ |
| 2 | ശാസ്ത്രവുമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | അടിസ്ഥാന ആശയങ്ങൾ പഠിപ്പിക്കുക<br>പ്രോജക്ട് നടത്തുക<br>മൂല്യനിർണ്ണയം നടത്തുക | ദീർഘം | PTA | " |
| 3 | ശാസ്ത്രാസ്വാദനം | നിത്യജീവിതവുമായും ചുറ്റുപാടുകളുമായും ബന്ധപ്പെടുത്തിക്കൊണ്ട് പഠന ക്ലാസ് മുറിയിൽ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു.<br>ശാസ്ത്രക്വിസ്മത്സരങ്ങൾ<br>നോട്ടീസ്ബോർഡിൽ ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുന്ന കുറിപ്പ് [illegible] | ദീർഘം | PTA | " |

# അടിസ്ഥാനശാസ്ത്രം - U.P.

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതലകൾ |
|---|---|---|---|---|---|
| | | ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പുതിയ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളെ കുറിച്ച് അറിവ് നേടുന്നു. | ദീർഘം | PTA | |
| 4 | ശാസ്ത്ര ക്ലബ് രൂപീകരണവും പ്രവർത്തനങ്ങളും. | സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിയാണ് ശാസ്ത്രക്ലബ് രൂപീകരിക്കുന്നു. വിദഗ്ദരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു. അത്തരം ക്ലാസുകൾക്ക് അനുയോജ്യമായ ശാസ്ത്ര പ്രോജക്ടുകൾ നൽകുന്നു. | ജൂൺ | PTA | |
| 5 | ശാസ്ത്രലാബ് | ശാസ്ത്രലാബ് സജ്ജീകരിക്കുന്നു. ശാസ്ത്രമേളകൾ സംഘടിപ്പിക്കുക. | ദീർഘം | | |
| 6 | ശാസ്ത്രത്തെ സാമൂഹ്യവത്കരിക്കുക. | പഠനോപകരണ ശില്പശാലകൾ പ്രകൃതിയിലെ ശാസ്ത്രീയ കാഴ്ചപ്പാടുകൾ ആസ്വദിക്കുവാനുള്ള അവസരം ഒരുക്കുക. | ദീർഘം | PTA | |

വിഷയം: പ്രവൃത്തി പരിചയം (യു.പി)

മേഖല: അക്കാദമികം.

ഉപമേഖല: പ്രവൃത്തിപരിചയം.

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും വ്യത്യസ്ത കഴിവുള്ളവരാണ്. അഭിരുചിയുള്ളവരാണ്. ആ കഴിവുകളെല്ലാം വികസിപ്പിക്കണം. | പ്രാദേശിക വിദഗ്ധരുടെ list തയ്യാറാക്കുക. അവരുടെ സേവനം പ്രയോജനപ്പെടുത്തുക. | 2 ആഴ്ച | HM, SRG, അധ്യാപകർ | . |
| എല്ലാ കുട്ടികളെയും പ്രവൃത്തി പരിചയ മേഖലയിൽ കഴിവുള്ളവരാക്കുക. | സ്കൂൾ തല പ്രവൃത്തി പരിചയ മേള സംഘടിപ്പിക്കുക. | ഒക്ടോബർ | ക്ലാസ് അധ്യാപകർ, HM. | 2000. |
| | ദിനാചരണവുമായി ബന്ധപ്പെട്ട് ദേശീയപതാക, തൊപ്പി, പ്ലക്കാർഡ്, സ്റ്റാർ നിർമ്മാണം, ആശംസകാർഡുകൾ നിർമ്മാണം തുടങ്ങിയവ WE പിരിയഡിൽ പരിശീലനം. | WE ചാർജ്ജ് അധ്യാപകർ പിരിയഡ് വിവിധ ദിനാചരണങ്ങൾ. | ചാർജ്ജ് ഉള്ള അധ്യാപകർ. | |
| പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് ഹൈടെക് സാധ്യത പ്രയോജനപ്പെടുത്തുക. | യൂട്യൂബ്, സാങ്കേതിക മാധ്യമങ്ങൾ വഴിയിലൂടെ പരിചയപ്പെടുത്തൽ | | | |
| കുടിൽ വ്യവസായം പ്രോത്സാഹിപ്പിക്കൽ | പരമ്പരാഗതമായി ചെയ്തുവരുന്ന തൊഴിലുകൾ കുട്ടികളിലൂടെ നിലനിർത്തുക. വിഗദ്ധരുടെ സഹായം തേടുക. ശില്പശാലയിൽ കുട, പേപ്പർ ബാഗ്, തുണിസഞ്ചി തുടങ്ങിയവ പരിശീലിപ്പിക്കൽ. | ഒക്ടോബർ-നവംബർ | WE ചാർജ്ജ് ഉള്ള അധ്യാപകർ PTA, HM | 3000. |

വിഷയം : സംഗീതം, നൃത്തം, ചിത്രരചന (UP).

മേഖല: കല.

ഉപമേഖല - കലാ പഠനം/

| ലക്ഷ്യങ്ങൾ | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം. |
|---|---|---|---|---|
| പാഠ്യേതര വിഷയങ്ങളിൽ മികവു നേടുന്നതിന് വിഷയ പഠനത്തിൽ ഒതുങ്ങാതെ കുട്ടികളുടെ സർഗ്ഗവാസനകൾ ഉണർത്തുകയും വികസിപ്പിക്കുകയും ചെയ്യുന്നതിലൂടെ വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കുക. | കവിതാലാപന മത്സരങ്ങൾ. കവിത, കഥ, ചിത്രരചന മത്സരങ്ങൾ, ചിത്രരചന ക്യാമ്പുകൾ/ | കല/ചിത്രം വിഭാഗം ചുമതല അധ്യാപകർ | ദിനാചരണങ്ങൾ കല ഒരു വർഷം | |
| | ലളിതഗാനം, സിനിമാഗാനം/ ഗദ്യരചന ക്യാമ്പുകൾ. | ബാലസഭ കൺവീനർ | | |
| | നാടൻപാട്ട് ശില്പശാല. | SRG കൺവീനർ. | | 2000. |
| | നൃത്താവതരണം. | കലാമേള കൺവീനർ | വാർഷികാഘോഷം. | |